"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ കുമ്പള കോയിപ്പാടി ഗ്രാമത്തിൽ പെർവാഡ് ഫിഷറീസ് കോളനിയിലെ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ മകനായ ശ്രീ.കാസിം എന്നവർക്ക് "കോളനി പുനർ നിർമ്മാണം" പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി ആനുകൂല്യം അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.12/2025/F&P തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 19/09/2024, 08/10/2024 എന്നീ തീയതികളിലെ ഡി.എഫ്.ടി.വി.എം/2846/2024- എൻ1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ കുമ്പള കോയിപ്പാടി ഗ്രാമത്തിൽ പെർവാഡ് ഫിഷറീസ് കോളനിയിൽ ഏകദേശം 20 വർഷത്തോളമായി താമസിച്ചു വരുന്ന വ്യക്തിയും കോയിപ്പാടി മത്സ്യഗ്രാമത്തിലെ 1137 നമ്പർ അംഗത്വമുള്ള മത്സ്യതൊഴിലാളിയുമാണ് ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ മകനായ ശ്രീ.കാസിമെന്നും ടിയാൻ കോയിപ്പാടി കോളനിയിൽ നിലവിൽ വാടകയ്ക്ക് താമസിക്കുകയാണ്. കോളനിയിൽ തന്നെ 20 വർഷത്തോളമായി താമസിച്ചു വന്ന വീട് താമസയോഗ്യമല്ലാത്ത സാഹചര്യത്തിൽ ആ വീട് പൊളിച്ചു ,അതേ സ്ഥാനത്ത് പുതിയ വീട് പണി കഴിപ്പിച്ച് വരുന്നെന്നും വീടിന്റെ മെയിൻ സ്ലാബ് വാർത്തു കഴിഞ്ഞിട്ടുണ്ടെന്നും മറ്റ് പണികളായ തേപ്പ്, വയറിംഗ് തുടങ്ങിയവയെല്ലാം പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അപേക്ഷകനുണ്ടായ പ്രത്യേക സാഹചര്യത്തിൽ ലോൺ എടുത്താണ് ഇതുവരെയുള്ള വീടിന്റെ പണികൾ ചെയ്തിട്ടുള്ളതെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) ശ്രീ. കാസിം സർക്കാരിന്റെ "കോളനി പുനർ നിർമ്മാണം" പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഫിഷർമെൻ കോളനിയിലെ പഴയ വീട് പൊളിച്ചു മാറ്റി പുനർ നിർമ്മിക്കുന്നതിനാണ് സാമ്പത്തിക സഹായം അനുവദിക്കുന്നതെന്നും ,പഴയ വീടുള്ളവരെ മാത്രമേ നിലവിൽ ടി പദ്ധതിയിൽ പരിഗണിക്കാൻ സാധിക്കുകയുള്ളൂവെന്നും മേൽ പരാതിക്കാരൻ വീട് പണി ആരംഭിച്ചതിനാലും പഴയ വീട് പൊളിച്ചു മാറ്റിയതിനാലും പദ്ധതിയുടെ അന്തിമ അർഹത ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും ആയതിൽ അപ്പീൽ അപേക്ഷ നൽകുകയുണ്ടായെങ്കിലും നിരസിക്കുകയാണുണ്ടായതെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നിരുന്നാലും, നാളിതുവരെ വകപ്പിന്റെയോ സർക്കാർ നടപ്പാക്കിയ മറ്റു ആനുകൂല്യങ്ങളോ ഒന്നും തന്നെ ഇദ്ദേഹത്തിന് ലഭിച്ചിട്ടില്ലെന്നും പരാതിക്കാരനും കുടുംബവും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരാണെന്നും നിലവിൽ

താമസിച്ചിരുന്ന ഭവനം വാസയോഗ്യമല്ലാതായപ്പോഴാണ് അതിന്റെ നിർമ്മാണ പ്രവൃത്തികൾ സ്വന്തം നിലയ്ക്ക് ചെയ്യുന്നതിലേക്ക് വായ്പ എടുത്തതെന്നും, നിലവിൽ ടിയാൻ വാടകയ്ക്ക് ആണ് താമസിക്കുന്നതെന്നും ആയതിനാൽ ടിയാന്റെ വിഷയം അനുഭാവ പൂർവ്വം പരിഗണിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് "കോളനി പുനർ നിർമ്മാണം" പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ കുമ്പള കോയിപ്പാടി ഗ്രാമത്തിൽ പെർവാഡ് ഫിഷറീസ് കോളനിയിലെ ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ മകനായ ശ്രീ.കാസിം എന്നവർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 16-01-2025 14:59:46